പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

നിയമസഭാ ചോദ്യം നമ്പർ : 623

09.07.2013-ൽ മറുപടിക്ക്.

# സൈബർ ഡോം പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. പി. വിൻസെന്റ്<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. വി. റ്റി. ബൽറാം | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) കേരള പോലീസ് സൈബർ ഡോം പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ; | : (എ) കേരളാ പോലീസിൽ സൈബർ ഡോം പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ; | : (ബി) സൈബർ ഡോം എന്നത് പൊതു-സ്വകാര്യ പങ്കാളിത്തത്തിൽ രൂപീകരിക്കുന്ന ഒരു ഹൈടെക് സൈബർ സെക്യൂരിറ്റി കേന്ദ്രമാണ്. ഈ കേന്ദ്രത്തിൽ സൈബർ രംഗത്ത് വർദ്ധിച്ചുവരുന്ന ഭീഷണികളെ നേരിടുന്നതിനും സൈബർ സുരക്ഷയ്ക്കായി പുതിയ തന്ത്രങ്ങൾ ആവിഷ്ക്കരിക്കുന്നതിനും ലക്ഷ്യമിടുന്നു. വ്യക്തികളുടെ ഇന്റർനെറ്റ്, മൊബൈൽഫോൺ തുടങ്ങിയവയുടെ സുരക്ഷയോടൊപ്പം തന്നെ ദേശീയ സുരക്ഷയ്ക്ക് ഭീഷണിയാകുന്ന സൈബർ ആക്രമണങ്ങളെ നേരിടുന്നതിനും സൈബർ ഡോം പദ്ധതി ലക്ഷ്യമിടുന്നു. |
| (സി) സൈബർ കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ ; | : (സി) സൈബർ കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് ആവശ്യമായ സാങ്കേതിക വിദ്യ (സോഫ്ട്‌വെയർ) വികസിപ്പിക്കുകയും അത് നിരന്തരം അപ്ഗ്രേഡ് ചെയ്യുകയും ചെയ്യുന്നതിന് സ്വകാര്യ കമ്പനികളുടെ സ്പോൺസർഷിപ്പിലൂടെ നടപടികൾ സ്വീകരിക്കുക, സൈബർ പോലീസ് സ്റ്റേഷനും, സൈബർ സെല്ലിനും ആവശ്യമായ സാങ്കേതിക സഹായം നൽകുക, വെർച്വൽ പോലീസിംഗ്, ഇന്റർനെറ്റ് നിരീക്ഷണം, സോഷ്യൽ മീഡിയ മോണിറ്ററിംഗ്, സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം തുടങ്ങിയ നിരവധി കാര്യങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

(മറുപുറം)

| | |
|---|---|
| (ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ? | : (ഡി) ഇതു സംബന്ധിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ